



എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

رَّبُّكُمُ ٱلَّذِى يُزْجِى لَكُمُ ٱلْفُلْكَ فِى ٱلْبَحْرِ لِتَبْتَغُوا۟ مِن فَضْلِهِۦٓ ۚ
إِنَّهُۥ كَانَ بِكُمْ رَحِيمًا ﴿٦٦﴾

66. നിങ്ങളുടെ യഥാർഥ നാഥൻ സമുദ്രത്തിൽ നിങ്ങളുടെ കപ്പലുകൾ ചലിപ്പിച്ചുതരുന്നവനാകുന്നു; നിങ്ങൾ അവന്റെ അനുഗ്രഹം തേടാൻ. തീർച്ചയായും നിങ്ങളോട് അതിരറ്റ കാരുണ്യമുള്ളവനാണവൻ.

وَإِذَا مَسَّكُمُ ٱلضُّرُّ فِى ٱلْبَحْرِ ضَلَّ مَن تَدْعُونَ إِلَّآ إِيَّاهُ ۖ فَلَمَّا نَجَّىٰكُمْ إِلَى
ٱلْبَرِّ أَعْرَضْتُمْ ۚ وَكَانَ ٱلْإِنسَٰنُ كَفُورًا ﴿٦٧﴾

67. സമുദ്രത്തിൽ ആപത്തണയുമ്പോൾ അവനൊഴിച്ച് നിങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവരൊക്കെയും അപ്രത്യക്ഷരാകുന്നു. അവൻ നിങ്ങളെ കരയിലേക്ക് രക്ഷിച്ചാലോ, നിങ്ങൾ തിരിഞ്ഞുകളയുന്നു. മനുഷ്യൻ മഹാകൃതഘ്നൻ തന്നെ.

أَفَأَمِنتُمْ أَن يَخْسِفَ بِكُمْ جَانِبَ ٱلْبَرِّ أَوْ يُرْسِلَ عَلَيْكُمْ حَاصِبًا
ثُمَّ لَا تَجِدُوا۟ لَكُمْ وَكِيلًا ﴿٦٨﴾

68. അവൻ നിങ്ങളെ കരയിൽ തന്നെ ആഴ്ത്തിക്കളയുകയോ, നിങ്ങൾക്കു മീതെ കന്മഴ വർഷിക്കുന്ന കാറ്റയക്കുകയോ ചെയ്യുന്നതിനെക്കുറിച്ച്, അപ്പോൾ സഹായിക്കാൻ ഒരു വക്കീലിനെയും കണ്ടെത്താനാവാത്ത അവസ്ഥയുണ്ടാകുന്നതിനെക്കുറിച്ച് നിങ്ങൾ നിർഭയരാണോ?

أَمْ أَمِنتُمْ أَن يُعِيدَكُمْ فِيهِ تَارَةً أُخْرَىٰ فَيُرْسِلَ عَلَيْكُمْ قَاصِفًا مِّنَ
ٱلرِّيحِ فَيُغْرِقَكُم بِمَا كَفَرْتُمْ ۙ ثُمَّ لَا تَجِدُوا۟ لَكُمْ عَلَيْنَا بِهِۦ تَبِيعًا ﴿٦٩﴾

69. അതല്ലെങ്കിൽ മറ്റൊരിക്കൽ കൂടി അവൻ നിങ്ങളെ സമുദ്രത്തിൽ തിരിച്ചെത്തിക്കുകയും നന്ദികേടിന്റെ ഫലമായി കൊടുങ്കാറ്റയച്ച് മുക്കിക്കളയുകയും ചെയ്യുന്നതിനെക്കുറിച്ച്, പിന്നെ ആ ദുരന്തത്തെക്കുറിച്ച് നമ്മോട് ചോദിക്കാൻ നിങ്ങൾക്കാരുമില്ലാതിരിക്കുന്ന അവസ്ഥയെക്കുറിച്ച് നിർഭയരാണോ?

رَبُّكُمْ = നിങ്ങളുടെ (യഥാർഥ) നാഥൻ  ٱلَّذِى يُزْجِى = ചലിപ്പിക്കു(ച്ചു തരു)ന്നവനാകുന്നു
لَكُمْ = നിങ്ങൾ(ളുടെ)ക്കുവേണ്ടി  ٱلْفُلْكَ = കപ്പലുകൾ  فِى ٱلْبَحْرِ = സമുദ്രത്തിൽ  لِتَبْتَغُوا۟ = നിങ്ങൾ തേടുന്നതിന്
مِن فَضْلِهِۦٓ = അവന്റെ അനുഗ്രഹ(ം)ത്തിൽ നിന്ന്  إِنَّهُۥ كَانَ = തീർച്ചയായും അവൻ ആ(കുന്നു)യിരിക്കുന്നു
بِكُمْ = നിങ്ങളോട്  رَحِيمًا = അതിരറ്റ കാരുണ്യമുള്ളവൻ  وَإِذَا مَسَّكُمُ = നിങ്ങളെ സ്പർശിച്ചാൽ (അണയുമ്പോൾ)
ٱلضُّرُّ = വിഷമം, ആപത്ത്  فِى ٱلْبَحْرِ = സമുദ്രത്തിൽ  ضَلَّ = വഴിമാറിപ്പോയി (അപ്രത്യക്ഷരാകുന്നു)
مَن تَدْعُونَ = നിങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവർ  إِلَّآ إِيَّاهُ = അവനൊഴിച്ച്  فَلَمَّا نَجَّىٰكُمْ = അവൻ നിങ്ങളെ രക്ഷിച്ച(ാലോ)പ്പോൾ
إِلَى ٱلْبَرِّ = കരയിലേക്ക്  أَعْرَضْتُمْ = നിങ്ങൾ അവഗണിച്ചു, തിരിഞ്ഞുകളഞ്ഞു
وَكَانَ ٱلْإِنسَٰنُ = (വാസ്തവത്തിൽ) മനുഷ്യൻ ആയി  كَفُورًا = മഹാകൃതഘ്നൻ(തന്നെ)

നിങ്ങൾ നിർഭയരാണോ(നിങ്ങൾക്ക് ഉറപ്പുണ്ടോ) = أَفَأَمِنتُمْ

കരഭാഗത്ത്(കരയിൽ തന്നെ) = جَانِبَ ٱلْبَرِّ നിങ്ങളെ ആഴ്ത്തിക്കളയു(കയില്ലെന്ന്)ന്നതിനെക്കുറിച്ച് = أَن يَخْسِفَ بِكُمْ

അല്ലെങ്കിൽ നിങ്ങൾക്കുമീതെ അയക്കുന്നതിനെക്കുറിച്ച്, അയക്കു(കയോ ചെയ്യുകയില്ലെ)ന്നതിനെക്കുറിച്ച് = أَوْ يُرْسِلَ عَلَيْكُمْ

കന്മഴ = حَاصِبًا

പിന്നെ (അപ്പോൾ) നിങ്ങൾ നിങ്ങൾക്ക് കണ്ടെത്തുന്നില്ല (കണ്ടെത്താനാവാത്ത അവസ്ഥയെക്കുറിച്ച്) = ثُمَّ لَا تَجِدُوا۟ لَكُمْ

ഒരു വക്കീലിനെയും (നിങ്ങളെ രക്ഷിക്കാൻ ഉത്തരവാദിത്വം ഏറ്റെടുത്ത ആരെയും) = وَكِيلًا

അല്ലെങ്കിൽ നിങ്ങൾ നിർഭയരാണോ (നിങ്ങൾക്ക് ഉറപ്പുണ്ടോ) = أَمْ أَمِنتُمْ

അതി(സമുദ്രത്തി)ൽ = فِيهِ അവൻ നിങ്ങളെ മടക്കുന്നതിനെക്കുറിച്ച് (തിരിച്ചെത്തിക്കുകയും) = أَن يُعِيدَكُمْ

അപ്പോൾ നിങ്ങളുടെ മേൽ അയക്കുകയും (അയച്ച്) = فَيُرْسِلَ عَلَيْكُمْ മറ്റൊരിക്കൽ(കൂടി) = تَارَةً أُخْرَىٰ

കാറ്റിൽ നിന്നുള്ള കടപുഴക്കുന്നതിനെ(കൊടുങ്കാറ്റ്) = قَاصِفًا مِّنَ ٱلرِّيحِ

അങ്ങനെ നിങ്ങളെ മുക്കിക്കളയുകയും ചെയ്യു(കയില്ലെ)ന്നതിനെക്കുറിച്ച് = فَيُغْرِقَكُم

നിങ്ങൾ നിഷേധിച്ചതുകൊണ്ട്, നന്ദികേടിന്റെ ഫലമായി = بِمَا كَفَرْتُمْ

എന്നിട്ട് നിങ്ങൾ നിങ്ങൾക്ക് കണ്ടെത്താതിരിക്കുന്നു = ثُمَّ لَا تَجِدُوا۟ لَكُمْ

(നിങ്ങൾക്ക് ആരുമില്ലാതിരിക്കുന്ന അവസ്ഥയെക്കുറിച്ച്)

പിന്തുടരുന്നവൻ(ചോദിക്കാൻ) = تَبِيعًا അതിനെ(ആ ദുരന്തത്തെപ്പറ്റി) = بِهِۦ നമുക്കെതിരെ(നമ്മോട്) = عَلَيْنَا

**66.** നേരത്തെ വന്ന 55, 56, 57 സൂക്തങ്ങളുടെ തുടർച്ചയാണ് ഇനിയുള്ള ഏതാനും സൂക്തങ്ങൾ. പ്രപഞ്ചത്തെയും അതിലെ ചരാചരങ്ങളെയും കുറിച്ച് എല്ലാം അറിയുന്നവൻ പ്രപഞ്ചവിധാതാവാണ്. അവനാണ് സൃഷ്ടികൾക്ക് അനുഗ്രഹങ്ങൾ നൽകുന്നതും അതിൽ ഏറ്റക്കുറവുകൾ വരുത്തുന്നതും. അവനല്ലാത്ത ആരും സൃഷ്ടികളുടെ പ്രാർഥന കേൾക്കാനോ ആവശ്യങ്ങൾ നിവർത്തിക്കാനോ ആപത്തുകളകറ്റാനോ കഴിവുള്ളവരല്ല. അവനെ കൂടാതെ പ്രാർഥിക്കപ്പെടുന്നവരെല്ലാം അവനോട് പ്രാർഥിക്കുകയും അവന്റെ പ്രീതി തേടുകയും അപ്രീതി ഭയപ്പെടുകയും ചെയ്യുന്നവരാകുന്നു. ഇതാണ് പ്രസ്തുത സൂക്തങ്ങളിൽ വ്യക്തമാക്കിയത്. അതിനനുബന്ധമായി പറയുകയാണ്: മനുഷ്യന്റെ സുഗമമായ വാഴ്വിന് ഉതകും മട്ടിൽ ഭൗമ പ്രകൃതിയെ സംവിധാനിച്ചത് ആരാണോ അവനാണ് മനുഷ്യരുടെ യഥാർഥ ഉടമയും നാഥനും. ആ വിധാതാവാണ് സമുദ്രത്തെ മനുഷ്യരുടെ കപ്പൽ സഞ്ചാരത്തിനുതകും മട്ടിലാക്കിയത്. ജലത്തിന് സവിശേഷ പ്രകൃതിയില്ലായിരുന്നുവെങ്കിൽ വിവിധ ഭൂഖണ്ഡങ്ങളിലുള്ളവർക്ക് പരസ്പരം ബന്ധപ്പെടാനോ ജീവിത വിഭവങ്ങൾ പരസ്പരം കൈമാറാനോ കഴിയുമായിരുന്നില്ല. സാംസ്കാരികവും സാമ്പത്തികവുമായ വികാസങ്ങളുടെ മുഖ്യ ഉപാധിയാണല്ലോ സമുദ്രസഞ്ചാരം. സമുദ്രത്തിന്റെ സഞ്ചാരക്ഷമത മനുഷ്യരോടുള്ള അല്ലാഹുവിന്റെ അതിരറ്റ കാരുണ്യത്തിന്റെ ദൃഷ്ടാന്തമാണ്. തെളിക്കുന്നു, തള്ളുന്നു എന്നാണ് يُزْجِي യുടെ അർഥം. ഭാരം വഹിക്കുന്ന മൃഗങ്ങളെ സാവധാനം തെളിക്കുന്നതിനാണിതുപയോഗിക്കാറുള്ളത്.

**67–69.** എല്ലാ അനുഗ്രഹങ്ങളുടെയും ദാതാവായ പ്രപഞ്ചവിധാതാവാരാണോ അവനോടാണ്, ആ അനുഗ്രഹങ്ങളനുഭവിക്കുന്ന സൃഷ്ടികൾ പ്രാർഥിക്കേണ്ടതും നന്ദി പ്രകടിപ്പിക്കേണ്ടതും. പക്ഷേ, അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ അല്ലാഹുവിനെ വിസ്മരിച്ച് തന്റെ നേട്ടങ്ങളെല്ലാം സ്വന്തം സാമർഥ്യം കൊണ്ടും മഹത്വം കൊണ്ടും ഉണ്ടായതാണെന്ന് അഹങ്കരിക്കുകയാണ് മനുഷ്യൻ. അല്ലെങ്കിൽ താൻ പൂജിക്കുന്ന ദേവീദേവന്മാരുടെ ഔദാര്യമാണെന്ന് കരുതുന്നു. എന്നാൽ, ഒരാപത്തണഞ്ഞാൽ താൻ ആരാധിച്ചിരുന്ന ദൈവേതര ശക്തികളൊന്നും അവന്റെ രക്ഷക്കെത്തുന്നില്ല. അപ്പോൾ അവരെയെല്ലാം മറന്ന് അവൻ സാക്ഷാൽ ദൈവത്തെ വിളിച്ചു പ്രാർഥിക്കാൻ തുടങ്ങുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ രക്ഷപ്പെട്ടാലോ വീണ്ടും അവൻ ചെകുത്താന്റെ ദുർബോധനങ്ങൾക്കു വശംവദനായി അല്ലാഹുവിനെ മറന്ന് പഴയ കൃത്രിമ ദൈവങ്ങളിലേക്കു മടങ്ങുന്നു. ചെകുത്താന് അടിമപ്പെടുന്നവരുടെ എക്കാലത്തെയും സ്വഭാവമാണ് അല്ലാഹുവിനോടുള്ള ഈ നന്ദികേട്. ആപൽസന്ധിയിൽ അല്ലാഹുവിനെ വിളിച്ചുകേഴുകയും ആപത്തകന്നാൽ അവനെ വിസ്മരിക്കുകയും ചെയ്യുന്ന മനുഷ്യ സ്വഭാവം തുറന്നുകാണിക്കുന്ന ഉദാഹരണമാണ് ഇവിടെ സമുദ്രയാത്ര.

ഈ സന്ദർഭത്തിൽ പ്രവാചകനോടും വിശ്വാസികളോടുമുള്ള ഒരുൽബോധനവും ഈ വചനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇസ്‌ലാമിന്റെ വിരോധികൾ ആവശ്യപ്പെടുന്നതുപോലെ ശിക്ഷയുടെ ദൃഷ്ടാന്തങ്ങൾ അവതരിപ്പിക്കുകയാണെങ്കിൽ അവർ സത്യവിശ്വാസം കൈക്കൊണ്ടേക്കും. ദുരിതങ്ങൾക്കിരയാകുമ്പോൾ അല്ലാഹുവിനെ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ, ആപത്തകന്നുപോകുന്നതോടെ പഴയ അന്ധവിശ്വാസങ്ങളിലേക്കും ധിക്കാരത്തിലേക്കുംതന്നെ തിരിച്ചുപോവുകയാണുണ്ടാവുക. സ്വന്തം പ്രകൃതിയുടെ പ്രതിധ്വനികൾ ചെവികൊടുത്തു കേൾക്കുകയും സ്വന്തം ബുദ്ധിയുടെ നിർദേശങ്ങൾ

കൈക്കൊള്ളുകയുമാണ് സത്യത്തിലേക്കും ധർമത്തിലേക്കുമുള്ള വഴി. പ്രകൃതിയുടെ വിളിയെ അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെ ബഹളം കൊണ്ട് തടയുകയും ബുദ്ധിയെ ആസക്തികൾക്കും മുൻധാരണകൾക്കും അടിമപ്പെടുത്തുകയും ചെയ്തവർ അതിനു തയാറാവില്ല. അവർക്ക് ഒരു ദൃഷ്ടാന്തത്തിൽ നിന്നും സത്യജ്ഞാനം ലഭിക്കുകയുമില്ല.

ദൃഷ്ടാന്തങ്ങളിൽ നിന്ന് പാഠം പഠിക്കുന്നവർ ദൃഷ്ടാന്തം പ്രത്യക്ഷപ്പെടുമ്പോൾ മാത്രം അല്ലാഹുവിനെ ഓർക്കുകയും അതു മറഞ്ഞുപോയാലുടനെ അവനെ വിസ്മരിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവരല്ല. അല്ലെങ്കിൽ നടുക്കടലിൽ കൊടുങ്കാറ്റിലകപ്പെടുമ്പോൾ അല്ലാഹുവിനോടു താണുകേണ് പ്രാർഥിച്ചവർ കരക്കണഞ്ഞാൽ അവനെ അവഗണിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നതിന് എന്തു യുക്തിയാണുള്ളത്? അല്ലാഹുവിന്റെ ശക്തിയും അധികാരവും സമുദ്രത്തിൽ മാത്രമേയുള്ളൂ എന്നാണ് അവരുടെ വിചാരം! കരയിൽ അവരെ പിടികൂടാൻ അവനു കഴിയില്ലേ? വാസ്തവത്തിൽ കടലിനെ ക്ഷോഭിപ്പിച്ച് നിങ്ങളെ മുക്കിയെടുക്കുന്നതുപോലെ തന്നെ അവന് നിഷ്പ്രയാസമാണ് ഭൂമി പിളർത്തി നിങ്ങളെ അതിന്റെ അഗാധതയിലേക്കാഴ്ത്തിക്കളയുന്നത്. أَن يَخْسِفَ بِكُمْ എന്ന വാക്കിനെയാണ് നിങ്ങളെ ആഴ്ത്തിക്കളയുക എന്ന തർജമ ചെയ്തിട്ടുള്ളത്. ഭൂകമ്പം മൂലം ഭൂമിയുടെ അകം പുറമായി മാറുകയാണ് خسف. അങ്ങനെയുണ്ടാകുന്ന കീഴ്മേൽ മറിച്ചിലിൽ ഉപരിതലത്തിലെ വസ്തുക്കൾ താഴോട്ട് ആണ്ടുപോകുന്നതിന് خسف به الارض എന്നുപറയും. സൂറഃ അന്നഹ്ൽ 45-ാം സൂക്തത്തിൽ أَفَأَمِنَ ٱلَّذِينَ مَكَرُوا۟ ٱلسَّيِّـَٔاتِ أَن يَخْسِفَ ٱللَّهُ بِهِمُ ٱلْأَرْضَ (കുത്സിത തന്ത്രങ്ങൾ പ്രവർത്തിക്കുന്നവർ അവരെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെക്കുറിച്ചു നിർഭയരാണോ) എന്നുചോദിക്കുന്നുണ്ട്. അതല്ലെങ്കിൽ നിങ്ങളെ ഒരു കന്മഴ വർഷിച്ചു നശിപ്പിക്കാൻ അവന്നു കഴിയില്ലെന്നു തോന്നുന്നുണ്ടോ?

കല്ലുകൾ (حصباء) എറിയുന്നവനാണ് حاصب. കല്ലുപോലെ ഉറച്ച മഞ്ഞുകട്ടകൾ പൊഴിയുന്ന കാറ്റും മഴയുമാണ് അതുകൊണ്ടുദ്ദേശ്യം. യഥാർഥ കല്ലുകൾ തന്നെ പറത്തിയെറിയുന്ന കാറ്റാണുദ്ദേശ്യമെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഒരു ഭൂകമ്പമുണ്ടായി നിങ്ങൾ മണ്ണിൽ ആഴ്ന്നു പോകുന്നതിൽ നിന്ന്, അല്ലെങ്കിൽ മഞ്ഞുകട്ടകളോ കല്ലോ വർഷിക്കുന്ന ഒരു കാറ്റിനാൽ നശിച്ചു പോകുന്നതിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ ആരെയും കണ്ടെത്താനാവാത്ത അവസ്ഥയെക്കുറിച്ച് നിങ്ങൾക്കു നിർഭയരാവാൻ കഴിയുമോ? ഒരിക്കൽ കടൽ ദുരന്തത്തിൽ നിന്നു രക്ഷപ്പെട്ടവർ വീണ്ടും സമുദ്രസഞ്ചാരം ചെയ്തുകൂടെന്നുമില്ലല്ലോ. അപ്പോൾ ഒരു കൊടുങ്കാറ്റിൽപെട്ട് നിങ്ങളും നിങ്ങളുടെ കപ്പലും മുങ്ങിപ്പോവില്ലെന്നെന്താണുറപ്പ്. അല്ലാഹു ആ വിധം ശിക്ഷിക്കുകയാണെങ്കിൽ അതിന്റെ പേരിൽ നിങ്ങൾക്കുവേണ്ടി അവനെ ചോദ്യം ചെയ്യാൻ ആരുമുണ്ടാവില്ല. تابع (പിന്തുടരുന്നവൻ) ന്റെ അത്യുത്തമ വാചിയാണ് تبيع. ചോദിക്കാനും പ്രതികാരം ചെയ്യാനും പിന്തുടരുന്നവനെക്കുറിക്കാനാണ് تبيع ഉപയോഗിക്കാറുള്ളത്.

ഒരിക്കൽ അല്ലാഹുവിങ്കൽ നിന്ന് ഇളവു ലഭിച്ചാൽ അതിനു നന്ദിയുള്ളവരായിരിക്കുകയും തുടർന്ന് അവന്റെ അപ്രീതിക്കിടയാകുന്നതൊന്നും ചെയ്യാതിരിക്കുകയുമാണ് സാമാന്യ ബുദ്ധിയുടെ താൽപര്യം. പക്ഷേ, ഈ മൂഢന്മാർ പെരുമാറുന്നത് ഒരിക്കൽ അല്ലാഹു ഇളവു കൊടുത്തതോടെ തങ്ങൾ എന്നെന്നേക്കുമായി അവന്റെ നിയന്ത്രണത്തിൽനിന്ന് മുക്തരായിരിക്കുന്നു എന്ന മട്ടിലാണ്. എന്നാൽ, കടൽ ശിക്ഷയിൽ ഇളവ് കൊടുത്തവരെ കരയിൽവെച്ചു ശിക്ഷിക്കാനോ അല്ലെങ്കിൽ വീണ്ടും കടലിൽ തന്നെ തിരിച്ചെത്തിച്ച് ശിക്ഷിക്കാനോ അവന്ന് ഒരു തടസ്സവുമില്ല. അങ്ങനെ ചെയ്താൽ അതേപ്പറ്റി അന്വേഷിക്കാനോ അവനോട് പ്രതികാരം ചെയ്യാനോ ആരെയും കണ്ടെത്താൻ മനുഷ്യർക്കാവില്ല. മുൻ സൂക്തത്തിലെ ثُمَّ لَا تَجِدُوا۟ لَكُمْ وَكِيلًا യും ഈ സൂക്തത്തിലെ ثُمَّ لَا تَجِدُوا۟ لَكُمْ عَلَيْنَا بِهِۦ تَبِيعًا യും 75-ാം സൂക്തത്തിൽ വരുന്ന ثُمَّ لَا تَجِدُ لَكَ عَلَيْنَا نَصِيرًا യും ഒരേ ആശയത്തിന്റെ വിവിധ തലങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വ്യത്യസ്ത ഭാഷ്യങ്ങളാണ്. അല്ലാഹു ശിക്ഷിക്കാൻ തീരുമാനിച്ചാൽ നിങ്ങളുടെ രക്ഷക്കുവേണ്ടി വക്കാലത്ത് ഏറ്റെടുക്കാൻ ആരുമുണ്ടാവില്ലെന്നാണാദ്യം പറഞ്ഞത്. അവൻ ശിക്ഷിച്ചാൽ അതിന്റെ പേരിൽ അവനെ വിചാരണ ചെയ്യാനോ അവനോട് പ്രതികാരം ചെയ്യാനോ ആരുമില്ലെന്നാണ് രണ്ടാമത്തേതിന്റെ താൽപര്യം. അല്ലാഹുവിനെതിരെ അവന്റെ പ്രവാചകനുപോലും ഒരു വിധ സഹായിയെയും ലഭിക്കുകയില്ല എന്നാണ് മൂന്നാമതു പറയുന്നത്. ■